ENTRI

Trusted by 1 crore students

# CURRENT AFFAIRS 18 SEP 2023





നീരജ് ചോപ്ര



മേധാ പട്കർ






### 2023 ഏഷ്യ കപ്പ് ക്രിക്കറ്റ് കിരീട ജേതാക്കൾ

ഇന്ത്യ

- ഫൈനലിൽ ശ്രീലങ്കയെ 10 വിക്കറ്റിന് തകർത്താണ് ഇന്ത്യ കിരീടമുയർത്തിയത്.
- ഇന്ത്യയുടെ എട്ടാം ഏഷ്യാ കപ്പ് കിരീടമാണിത്.
- ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക 15.2 ഓവറിൽ വെറും 50 റൺസിന് പുറത്തായി. ക്രിക്കറ്റ് ചരിത്രത്തിൽ ഏകദിന ഫോർമാറ്റിൽ ഒരു ഫൈനലിലെ ഏറ്റവും കുറഞ്ഞ സ്കോറിനാണ് ശ്രീലങ്ക പുറത്തായത്.
- ആറ് വിക്കറ്റ് വീഴ്ത്തിയ ഇന്ത്യൻ പേസർ സിറാജാണ് ഇന്ത്യയുടെ വിജയത്തിൽ നിർണായക പങ്കുവഹിച്ചത്.
- ഏകദിനത്തിൽ ഏറ്റവും വേഗത്തിൽ അഞ്ച് വിക്കറ്റ് നേടുന്ന ബൗളറെന്ന റെക്കോർഡും സിറാജ് കരസ്ഥമാക്കി. 16 പന്തുകൾക്കിടെയാണ് സിറാജ് അഞ്ചുവിക്കറ്റ് സ്വന്തമാക്കിയത്.
- ഏകദിനത്തിൽ ഒരു ഓവറിൽ നാല് വിക്കറ്റ് വീഴ്ത്തുന്ന ആദ്യ ഇന്ത്യൻ ബൗളറെന്ന നേട്ടവും സിറാജ് കരസ്ഥമാക്കി.

---

### യൂജിനിൽ നടന്ന ഡയമണ്ട് ലീഗ് ജാവലിൻ ത്രോയിൽ വെള്ളി കരസ്ഥമാക്കിയ ഇന്ത്യൻ താരം

നീരജ് ചോപ്ര

- ചെക്ക് റിപ്പബ്ലിക്കിന്റെ യാക്കൂബ് വാദ്‌ലെ സ്വർണ്ണം കരസ്ഥമാക്കി.

---

### ഓൾ മുംബൈ മലയാളി അസോസിയേഷൻ ഏർപ്പെടുത്തിയ പ്രഥമ ഉമ്മൻ ചാണ്ടി പുരസ്കാരത്തിന് അർഹയായത്

മേധാ പട്കർ

- മികച്ച സാമൂഹികപ്രവർത്തകർക്കായി ഏർപ്പെടുത്തിയതാണ് ഉമ്മൻ ചാണ്ടി പുരസ്കാരം.

---

### എഴുത്തുകാരി ഡോ. എം. ലീലാവതിയുടെ ആത്മകഥ

ധ്വനിപ്രയാണം

---

### രാജ്യത്തെ വനിതാ സംരംഭകരുടെ കൂട്ടായ്മയായ കേരള സ്റ്റാർട്ടപ്പ് മിഷന്റെ 2023 ലെ വനിതാ സ്റ്റാർട്ടപ്പ് ഉച്ചകോടിക്ക് വേദിയാകുന്നത്

കൊച്ചി

- ‘മുന്നിൽനിന്ന് നയിക്കുക’എന്നതാണ് 2023 വനിതാ സ്റ്റാർട്ടപ്പ് ഉച്ചകോടിയുടെ പ്രമേയം.